# അദ്ധ്യായം VIII

## നിയന്ത്രണ സംവിധാനങ്ങളുടെ പര്യാപ്തതയും കാര്യക്ഷമതയും

ആരോഗ്യസുരക്ഷാസംവിധാനം നിയമപരമായ ബാധ്യതകൾ നിറവേറ്റുന്നു എന്നും വിവിധ കക്ഷികളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നു എന്നും ഉറപ്പുവരുത്തുന്നതിന് ശക്തമായ ഒരു നിയന്ത്രണ സംവിധാനം ആവശ്യമാണ്. പല സന്ദർഭങ്ങളിലും ആരോഗ്യമേഖലയിലെ കാര്യനിർവ്വഹണ സംവിധാനം അപര്യാപ്തമെന്ന് കണ്ടെത്തി. മറ്റു ലക്ഷ്യങ്ങളോടൊപ്പം, സൗകര്യങ്ങളുടെയും സേവനങ്ങളുടെയും നിലവാരം നിർദ്ദേശിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിന്റെയും ചട്ടങ്ങളുടെയും നടപ്പിലാക്കൽ കൊണ്ട് പുരോഗതി ഉണ്ടാക്കാനോ ലക്ഷ്യം കൈവരിക്കാനോ സാധിച്ചില്ല. സംസ്ഥാനത്തെ ചില ബ്ലഡ്ബാങ്കുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. സംസ്ഥാനത്തെ നിലവിലുണ്ടായിരുന്ന ബയോമെഡിക്കൽ മാലിന്യസംസ്കരണ-നിർമ്മാർജ്ജന സൗകര്യങ്ങൾ അപര്യാപ്തമാണ്. കൂടാതെ ഇത്തരം സൗകര്യങ്ങൾ കൂടുതലായി സ്ഥാപിക്കുവാൻ അടിയന്തിരമായ ഒരു ആവശ്യമുണ്ടായിരുന്നു. എഇആർബി ലൈസൻസ് ഇല്ലാതെ ചില ആശുപത്രികളിൽ റേഡിയോഗ്രഫി ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു.

നിയന്ത്രണം എന്നത് ആരോഗ്യസുരക്ഷാമേഖലയിലെ ഒരു സുപ്രധാന ധർമ്മമാണ്. ആരോഗ്യരക്ഷാ ഉപഭോക്താക്കളെ ആരോഗ്യത്തിന് ഹാനികരമായ വിപത്തുകളിൽ നിന്ന് സംരക്ഷിക്കുക, ആരോഗ്യപരിചരണരംഗത്തെ ഉദ്യോഗസ്ഥർക്ക് സുരക്ഷിതമായി ജോലി ചെയ്യാനുള്ള സാഹചര്യം ഒരുക്കുക, ആരോഗ്യ രംഗത്തെ വിവിധ പരിപാടികൾ വഴി പൊതുജനാരോഗ്യവും ക്ഷേമവും ഉറപ്പുവരുത്തുക എന്നിവയൊക്കെയാണ് റെഗുലേറ്ററി സംവിധാനങ്ങളുടെ കർത്തവ്യം.

അങ്ങനെ, നിയന്ത്രണ ഏജൻസികൾ സ്വന്തമായോ കോർപ്പറേറ്റ് മേഖലയിലോ പ്രവർത്തിക്കുന്ന ആരോഗ്യരക്ഷാപ്രവർത്തകരെയും സൗകര്യങ്ങളെയും നിരീക്ഷിക്കുകയും, ആരോഗ്യസുരക്ഷാവ്യവസായത്തിന്റെ പ്രവർത്തന രീതിയിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് സർക്കാരിനെ അറിയിക്കുകയും, ഉയർന്ന സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുകയും, ആരോഗ്യരക്ഷാ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രയത്നിക്കുകയും ചെയ്യുന്നു.

## 8.1 സംസ്ഥാനത്ത് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിന്റെയും ചട്ടങ്ങളുടെയും നടപ്പാക്കൽ

സൗകര്യങ്ങളുടെയും, സേവനങ്ങളുടെയും കുറഞ്ഞതോതിൽ ഉറപ്പുവരുത്തേണ്ട മാനദണ്ഡങ്ങൾ നിർദ്ദേശിക്കുക എന്ന ലക്ഷ്യത്തോടെ, രാജ്യത്തെ എല്ലാ ആരോഗ്യസ്ഥാപനങ്ങൾക്കും രജിസ്ട്രേഷനും നിയന്ത്രണവും ഏർപ്പെടുത്താൻ കേന്ദ്ര സർക്കാർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമം പാസാക്കുകയുണ്ടായി (2010 ആഗസ്റ്റ്).

കേന്ദ്ര സർക്കാർ പാസാക്കിയ നിയമത്തിന്റെ ചുവടുപിടിച്ച് കേരള സർക്കാർ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആന്റ് റെഗുലേഷൻ) നിയമം, 2018-ലും അതിനുകീഴിൽ ചട്ടങ്ങൾ 2018-ലും രൂപപ്പെടുത്തുകയുണ്ടായി. സംസ്ഥാന നിയമത്തിന്റെ നടപ്പാക്കലും നിയമത്തിനു കീഴിലുള്ള വ്യവസ്ഥകളുടെ നിറവേറ്റലും സംബന്ധിച്ച് താഴെപ്പറയുന്നവ നിരീക്ഷിച്ചു.

### 8.1.1 രജിസ്ട്രേഷൻ നടപ്പിൽ വരുത്തുന്നതിലുണ്ടായ കാലതാമസം

പ്രസ്തുത നിയമങ്ങളും, ചട്ടങ്ങളും നടപ്പാക്കുന്നതിനായി ആരോഗ്യ സ്ഥാപനങ്ങളുടെ ഒരു സംസ്ഥാന കൗൺസിൽ കേരള സർക്കാർ രൂപീകരിക്കുകയുണ്ടായി (2018 ഡിസംബർ). നിയമ പ്രകാരം, നിയമത്തിന്റെയും ചട്ടങ്ങളുടെയും വ്യവസ്ഥകൾക്ക് അനുസൃതമായി രജിസ്റ്റർ ചെയ്യാതെ ഒരു വ്യക്തിയും ഒരു ക്ലിനിക്കൽ സ്ഥാപനം നടത്താൻ പാടില്ല. 3,748 പൊതു സ്ഥാപനങ്ങളും 3,108 സ്വകാര്യ സ്ഥാപനങ്ങളും ഉൾപ്പെടെ മൊത്തം 6,856 സ്ഥാപനങ്ങൾ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് (2022 മാർച്ച്). കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും (കെഎസ്പിസിബി) (2020 ഡിസംബർ) ഇമേജിന്റെയും[95] (2021 മാർച്ച്) രേഖകൾ പ്രകാരം സംസ്ഥാനത്ത് യഥാക്രമം 17,122-ഉം 16,922-ഉം ആരോഗ്യസുരക്ഷാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അതായത്, സംസ്ഥാന അതോറിറ്റിക്ക കീഴിൽ ഏകദേശം 40 ശതമാനം മാത്രം ആരോഗ്യസുരക്ഷാ സ്ഥാപനങ്ങൾ ആണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്.

അങ്ങനെ, രജിസ്ട്രേഷൻ ആരംഭിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും 60 ശതമാനം സ്ഥാപനങ്ങൾ നിയമത്തിന്റെ പരിധിയിൽ വന്നിട്ടില്ല.

### 8.1.2 മിനിമം മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിലുള്ള കാലതാമസവും ആരോഗ്യ സ്ഥാപനങ്ങൾക്ക് സ്ഥിരം രജിസ്ട്രേഷൻ അനുവദിയ്ക്കാതിരിക്കലും

വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട[96] ആരോഗ്യ സ്ഥാപനങ്ങൾക്ക് സർക്കാർ വ്യത്യസ്ത മാനദണ്ഡങ്ങൾ നിശ്ചയിക്കണമെന്ന് നിയമത്തിന്റെ സെക്ഷൻ 13-ൽ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ, നിയമം നടപ്പിൽ വന്ന് രണ്ട് വർഷങ്ങൾക്കുള്ളിൽ ശരിയായ ആരോഗ്യരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള ആദ്യ ഘട്ട മാനദണ്ഡങ്ങൾ കൗൺസിൽ നിർണ്ണയിക്കേണ്ടതുണ്ട്. വ്യത്യസ്ത വിഭാഗങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടു (2019 സെപ്റ്റംബർ). കൂടാതെ, നാല്[97] വിഭാഗങ്ങളിലെ സ്ഥാപനങ്ങളുടെ മിനിമം മാനദണ്ഡ റിപ്പോർട്ടുകൾ വിജ്ഞാപന ഘട്ടത്തിലാണെന്നും സംസ്ഥാന അതോറിറ്റി പ്രസ്താവിച്ചു (2022 മാർച്ച്).

നിയമം നടപ്പിൽ വന്ന് നാല് വർഷം കഴിഞ്ഞിട്ടും നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു വിഭാഗത്തിലും പെട്ട സ്ഥാപനങ്ങളുടെയും മാനദണ്ഡങ്ങൾ കേരള സർക്കാർ രൂപീകരിച്ചിട്ടില്ലെന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

---

95 ഇമേജ് (ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഗോസ് ഇക്കോ ഫ്രണ്ട്ലി - സംസ്ഥാനത്തെ ആരോഗ്യ രക്ഷാ സ്ഥാപനങ്ങളിൽ നിന്ന് ബയോമെഡിക്കൽ മാലിന്യം ശേഖരിക്കുന്ന രണ്ട് ഏജൻസികളിൽ ഒന്ന്.

96 മോഡേൺ മെഡിസിൻ, ഡെന്റൽ, തുടങ്ങിയവ.

97 മോഡേൺ മെഡിസിൻ, ഡെന്റൽ, ലാബുകൾ, രോഗനിർണ്ണയ കേന്ദ്രങ്ങൾ

ഓരോ വിഭാഗത്തിലും പെട്ട സ്ഥാപനങ്ങൾക്കുള്ള മാനദണ്ഡങ്ങൾ അന്തിമരൂപമാകാത്തതിനാൽ അതോറിറ്റിക്ക് അതിന്റെ രജിസ്ട്രിയ്ക്ക് കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും താത്ക്കാലിക രജിസ്ട്രേഷൻ മാത്രമാണ് നൽകിയതെന്ന് (2022 മാർച്ച്) ഓഡിറ്റ് നിരീക്ഷിച്ചു.

## 8.2 സംസ്ഥാന ഡ്രഗ്ഗ്സ് കൺട്രോളർ

1940-ലെ ഡ്രഗ്ഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമവും അതിനോടനുബന്ധിച്ച് 1945-ൽ രൂപപ്പെടുത്തിയ ചട്ടങ്ങളും നടപ്പിലാക്കുന്നതിനായി 1961-ൽ ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പ് രൂപീകരിച്ചു. ലൈസൻസ് നൽകലും പരിശോധനയും, മരുന്നുകളുടെ സാമ്പിളുകൾ എടുക്കലും പരീക്ഷിക്കലും, കുറ്റവാളികൾക്കെതിരെയുള്ള നിയമ നടപടികൾ സ്വീകരിക്കൽ എന്നിവയിലൂടെ പ്രസ്തുത നിയമവും ചട്ടങ്ങളും നടപ്പിലാക്കുന്നതിന് വകുപ്പ് ചുമതലപ്പെട്ടിരിക്കുന്നു. കേരളാ ഡ്രഗ്ഗ്സ് കൺട്രോളറുടെ (ഡിസി) നിയന്ത്രണത്തിൽ സർക്കാർ മേഖലയിൽ മാത്രം 39 ബ്ലഡ്ബാങ്കുകളും 54 രക്ത സംഭരണകേന്ദ്രങ്ങളും ഉണ്ട് (2022 ജൂലൈ).

ഡ്രഗ്ഗ്സ് കൺട്രോളറുടെ ഓഫീസിലെ രേഖകളുടെ സൂക്ഷ്മപരിശോധനയിൽ നിന്നും നിയമത്തിന്റെയും ചട്ടങ്ങളുടെയും വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തനങ്ങൾ നിറവേറ്റുന്നതിൽ താഴെപ്പറയുന്ന പോരായ്മകൾ വെളിപ്പെട്ടു.

### 8.2.1 കേന്ദ്രീകൃത/ ലൈസൻസിംഗ് സംവിധാനത്തിന്റെ അഭാവം

ബ്ലഡ്ബാങ്കുകളുടെ ലൈസൻസിംഗ് പ്രക്രിയ നിരീക്ഷിക്കുന്നതിന് നിലവിൽ ഒരു കേന്ദ്രീകൃത ഡാറ്റാബേസ് ഇല്ല. ലൈസൻസ് നൽകുന്നതിന്/പുതുക്കുന്നതിനുള്ള അപേക്ഷകൾ മാനുവലായാണ് കൈകാര്യം ചെയ്യുന്നത്. ലൈസൻസ് അനുവദിക്കുന്നതിന്/പുതുക്കുന്നതിന് കേന്ദ്ര ഡ്രഗ്ഗ്സ് സ്റ്റാന്റേർഡ് കൺട്രോൾ ഓർഗനൈസേഷൻ (സിഡിഎസ്‌സിഒ), ഒരു ഓൺലൈൻ നാഷണൽ ഡ്രഗ്ഗ്സ് ലൈസൻസിംഗ് സംവിധാനം (ഒഎൻഡിഎൽഎസ്) ആരംഭിക്കുകയുണ്ടായെങ്കിലും (2021 ആഗസ്റ്റ്), അത് ചില സാങ്കേതിക കാരണങ്ങളാൽ ഇതുവരെ പ്രവർത്തനക്ഷമമായിട്ടില്ല (2022 ഏപ്രിൽ). തുടർന്നു വരുന്ന ഖണ്ഡികകളിൽ കാണിച്ചിരിക്കുന്നത് പോലെ ഒരു കേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിന്റെ അഭാവത്തിൽ ലൈസൻസുകളുടെ സാധുത ഉൾപ്പെടെയുള്ള ബ്ലഡ്ബാങ്കുകളിന്മേലുള്ള നിരീക്ഷണം ഫലപ്രദമായിട്ടില്ല.

### 8.2.2 നിയമാനുസൃതമായ ലൈസൻസില്ലാതെ ബ്ലഡ്ബാങ്കുകളുടെ പ്രവർത്തനം

1945-ലെ ഡ്രഗ്ഗ്സ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ[98] അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതിക ജീവനക്കാർ, ഉപകരണങ്ങൾ എന്നീ നിർദ്ദിഷ്ട അവശ്യഘടകങ്ങളോടെ ബ്ലഡ്ബാങ്കുകൾ പ്രവർത്തിക്കുകയും, മതിയായ ലൈസൻസ്[99] നേടുകയും വേണം. കൂടാതെ, ഒരിക്കൽ ലഭിച്ച ലൈസൻസിന് അഞ്ച് വർഷമാണ് കാലാവധി. സംസ്ഥാന ലൈസൻസിംഗ് അതോറിറ്റിയും, കേന്ദ്രലൈസൻസ് അപ്രൂവിംഗ് അതോറിറ്റിയും സംയുക്തമായാണ് ബ്ലഡ്ബാങ്കുകൾക്ക് ലൈസൻസ് അനുവദിക്കുന്നതും പുതുക്കുന്നതും.

സംസ്ഥാന ഡ്രഗ്ഗ്സ് കൺട്രോളറുടെ ഓഫീസ് രേഖകൾ പ്രകാരം 93 സർക്കാർ ബ്ലഡ്ബാങ്കുകൾ/ബ്ലഡ് സംഭരണ കേന്ദ്രങ്ങൾ എന്നിവയിൽ 27 എണ്ണം (29 ശതമാനം), ലൈസൻസ് പുതുക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കാത്തതും, ഡ്രഗ്ഗ്സ് കൺട്രോളർ

[98] ഡ്രഗ്ഗ്സ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങൾ, 1945-ലെ ഷെഡ്യൂൾ എഫ് പാർട്ട് XII ബി പ്രകാരം
[99] ഡ്രഗ്ഗ്സ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങൾ, 1945-ലെ ചട്ടം 122 - എഫ് പ്രകാരം

ചൂണ്ടിക്കാട്ടിയ പോരായ്മകൾ പരിഹരിക്കുന്നതിലെ കാലതാമസവും ഡ്രഗ്ഗ്സ് കൺട്രോളർ പരിശോധന നടത്തുന്നതിൽ വന്ന താമസവും കാരണം മതിയായ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചിരുന്നത് (2022 മാർച്ച്). കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലും, പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലും ബന്ധപ്പെട്ട അധികാരികളുടെ സംയുക്ത പരിശോധന നടത്തുന്നതിൽ യഥാക്രമം 10 മാസത്തെയും 36 മാസത്തെയും കാലതാമസം വന്നതായി ഫയലുകളുടെ സൂക്ഷ്മ പരിശോധനയിൽ കണ്ടെത്തി.

സർക്കാർ ആശുപത്രികളിലെയും, സർക്കാർ മെഡിക്കൽ കോളേജുകളിലെയും ബ്ലഡ്ബാങ്കുകൾ ഡിഎച്ച്എസ്സിനും ഡിഎംഇയ്ക്കും കീഴിലാണ് പ്രവർത്തിക്കുന്നതെന്ന് ഡ്രഗ്ഗ്സ് കൺട്രോളർ പ്രസ്താവിച്ചു (2022 ഫെബ്രുവരി). ഈ ഓഫീസുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ബ്ലഡ്ബാങ്കുകളുടെ ലൈസൻസിംഗ് വ്യവസ്ഥയുടെ പ്രാധാന്യത്തെക്കുറിച്ച് പൊതുവേ അറിവില്ലാതിരുന്നതിനാൽ പോരായ്മകൾ പരിഹരിക്കുന്നത് സംബന്ധിച്ചുള്ള റിപ്പോർട്ട് ഡ്രഗ്ഗ്സ് കൺട്രോളർ ഓഫീസിൽ യഥാസമയം ലഭിച്ചില്ല. കൂടാതെ, വകുപ്പിലെ ജീവനക്കാരുടെ കുറവ്, സംയുക്ത പരിശോധനയ്ക്ക് കേന്ദ്ര അധികാരികളുടെ സൗകര്യപ്രദമായ തീയതികൾ ലഭിക്കുന്നതിലുണ്ടായ കാലതാമസം, കോവിഡ്-19 മഹാമാരി മൂലമുണ്ടായ യാത്രാനിയന്ത്രണങ്ങൾ എന്നിവ കാരണം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ അന്തിമ രൂപത്തിലെത്തിക്കുന്നതിന് കാലതാമസം നേരിട്ടു.

തങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിന് ആരോഗ്യ-കുടുംബക്ഷേമ വകുപ്പും, ഡ്രഗ്ഗ്സ് കൺട്രോളറും ചുമതലപ്പെട്ടവരായതിനാൽ മുകളിൽ പറഞ്ഞ മറുപടി ന്യായീകരിക്കാവുന്നതല്ല. 27 ബ്ലഡ്ബാങ്കുകൾ/ബ്ലഡ് സംഭരണ കേന്ദ്രങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന വസ്തുത ആത്മവിശ്വാസം ഉളവാക്കുന്ന ഒന്നല്ല. കൂടാതെ നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള നിലവാരം നേടിയെടുത്തു/നിലനിർത്തി എന്നതിൽ യാതൊരു ഉറപ്പുമില്ല.

## 8.3 ബയോമെഡിക്കൽ മാലിന്യ പരിപാലനം

ബയോമെഡിക്കൽ മാലിന്യ പരിപാലന ചട്ടങ്ങൾ 2016 (ബിഎംഡബ്ല്യുഎം ചട്ടങ്ങൾ 2016) ഏതുരൂപത്തിലുമുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന, ശേഖരിക്കുന്ന, സ്വീകരിക്കുന്ന, സംഭരിക്കുന്ന, മാറ്റുന്ന, സംസ്കരിക്കുന്ന, നിർമ്മാർജ്ജനം ചെയ്യുന്ന, കൈകാര്യം ചെയ്യുന്ന എല്ലാ വ്യക്തികൾക്കും ബാധകമാണ്. സംസ്ഥാനമലിനീകരണ നിയന്ത്രണബോർഡ് (എസ്പിസിബി) ആണ് ബിഎംഡബ്ല്യുഎം ചട്ടങ്ങൾ നടപ്പിലാക്കാനുള്ള സംസ്ഥാനത്തെ നിർദ്ദിഷ്ട അധികാരസ്ഥാപനം. അവരെ ഏല്പിച്ചിട്ടുള്ള ചുമതലകളിൽ ഓക്യുപ്പയർമാരുടെ[100] കണക്കെടുപ്പ്, ബയോ-മെഡിക്കൽ മാലിന്യങ്ങളുടെ ഉല്പാദനവും, സംസ്കരണവും, നിർമ്മാർജ്ജനവും സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കൽ, കേന്ദ്ര മലിനീകരണനിയന്ത്രണ ബോർഡിന്(സിപിസിബി) വിവരങ്ങൾ നൽകൽ, അനുമതി നൽകലും, പുതുക്കലും, അനുമതി[101] റദ്ദാക്കലും, അനുമതിയുടെ വിവിധ വ്യവസ്ഥകൾ പാലിക്കുന്നത് നിരീക്ഷിക്കൽ മുതലായവ ഉൾപ്പെടുന്നു. താഴെ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ചട്ടങ്ങളുടെയും, മാർഗ്ഗരേഖകളുടെയും നടപ്പാക്കലിലും അത് പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിലും വന്ന വീഴ്ചകൾ/ പോരായ്മകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു:

---

[100] ബയോമെഡിക്കൽ മാലിന്യം ഉല്പാദിപ്പിക്കുന്ന ആശുപത്രി, ക്ലിനിക്, ബ്ലഡ് ബാങ്ക് എന്നിവ പോലെയുള്ള സ്ഥാപനങ്ങളും അവയുടെ പരിസരങ്ങളും ഭരണപരമായി നിയന്ത്രിക്കുന്ന വ്യക്തി ആണ് ഓക്യുപ്പയർ.

[101] ഭാരത സർക്കാരോ, മലിനീകരണ നിയന്ത്രണബോർഡോ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്കും മാർഗ്ഗരേഖകൾക്കും അനുസൃതമായി ബയോമെഡിക്കൽ മാലിന്യത്തിന്റെ ഉല്പാദനം/ ശേഖരണം/ സ്വീകരണം/ സംഭരണം/ ഗതാഗതം/ സംസ്കരണം/ നിർമ്മാർജ്ജനം/ മറ്റേതു രൂപത്തിലുമുള്ള കൈകാര്യം ചെയ്യൽ എന്നിവയ്ക്കായി നിർദ്ദിഷ്ട അധികാര സ്ഥാപനം നൽകുന്ന അനുമതി.

ബയോമെഡിക്കൽ മാലിന്യങ്ങൾ, കൈകാര്യം ചെയ്യുന്ന എല്ലാ ഒക്യുപ്പയർമാർക്കും/ഓപ്പറേറ്റർമാർക്കും[102] സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അളവ് കണക്കിലെടുക്കാതെ തന്നെ അനുമതി ലഭിക്കുന്നതാണ്[103]. അനുമതി നൽകുന്നതിലെ രാജ്യത്തെ മൊത്തം കാര്യക്ഷമത ഒട്ടും തന്നെ തൃപ്തികരമല്ലാത്തതിനാൽ (48 ശതമാനം), ഹെൽത്ത് കെയർ സൗകര്യങ്ങൾ (എച്ച്സിഎഫ്) ഉല്പാദിപ്പിക്കുന്ന മാലിന്യങ്ങൾ വേണ്ട രീതിയിൽ ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് തക്കവണ്ണം അവയ്ക്ക് അനുമതി നൽകുന്ന സംവിധാനം സത്വരമാക്കാൻ സിപിസിബി, എസ്പിസിബികളോട്[104] നിർദ്ദേശിച്ചു (2019).

എച്ച്സിഎഫുകളുടെ പ്രതിമാസ രേഖകളോടുകൂടിയ വാർഷിക റിപ്പോർട്ടുകളും പാരിസ്ഥിതിക അനുമതി, പൊതു ബയോമെഡിക്കൽ മാലിന്യ സംസ്കരണ നിർമ്മാർജ്ജന സൗകര്യം (സിബിഡബ്ല്യുടിഎഫ്) നൽകുന്ന പ്രസക്ത വിവരങ്ങളായ എച്ച്സിഎഫുകളുടെ അംഗലിസ്റ്റ്, അവരിൽ ചുമത്തപ്പെട്ട ചാർജ്ജുകൾ, വാർഷിക റിപ്പോർട്ടിന്റെ പകർപ്പ്, ഇതുവരെ അംഗത്വമെടുത്തിട്ടില്ലാത്ത എച്ച്സിഎഫുകളുടെ ലിസ്റ്റ് എന്നിവ വെബ് സൈറ്റിൽ പ്രദർശിപ്പിക്കണമെന്ന്, 2016-ലെ ബിഎംഡബ്ല്യുഎം ചട്ടങ്ങളും സിപിസിബി പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകളും വിഭാവനം ചെയ്യുന്നു.

### 8.3.1 കെഎസ്പിസിബിയിൽ നിന്നുള്ള അനുമതി വാങ്ങാതെ ബയോ മെഡിക്കൽ മാലിന്യം ഉല്പാദിപ്പിക്കുന്ന ആരോഗ്യരക്ഷാ സ്ഥാപനങ്ങൾ

കെഎസ്പിസിബിയിൽ നിന്നും അനുമതി വാങ്ങാതെയും വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കാതെയും പ്രവർത്തിക്കുന്ന ആരോഗ്യരക്ഷാ സ്ഥാപനങ്ങളുടെ എണ്ണം **പട്ടിക 8.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 8.1: 2017 മുതൽ 2021 വരെയുള്ള കലണ്ടർ വർഷങ്ങളിൽ അനധികൃതമായി പ്രവർത്തിച്ച ആരോഗ്യരക്ഷാ സ്ഥാപനങ്ങൾ**

| വർഷം | പ്രവർത്തനത്തിലുള്ള എച്ച്സിഎഫുകളുടെ ആകെ എണ്ണം | അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എച്ച്സിഎഫുകളുടെ എണ്ണം | അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എച്ച്സിഎഫുകളുടെ കണക്ക് ശതമാനത്തിൽ | വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കാത്ത ഒക്യുപ്പയർമാരുടെ എണ്ണം | വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കാത്തതിന്റെ കണക്ക് ശതമാനത്തിൽ |
|---|---|---|---|---|---|
| 2017 | 9628 | 4865 | 50.53 | 7754 | 80.53 |
| 2018 | 12668 | 5916 | 46.70 | 9554 | 75.42 |
| 2019 | 13869 | 7134 | 51.44 | 10592 | 76.37 |
| 2020 | 17122 | 3774 | 22.04 | 14635 | 85.47 |
| 2021 | 17875 | 1083 | 6.06 | 13859 | 77.53 |

*(ഉറവിടം: കെഎസ്പിസിബിയിൽ നിന്ന് ലഭിച്ച വിവരങ്ങൾ)*

- കേരളത്തിൽ അനുമതി നൽകിയതിന്റെ നിരക്ക് 2017-ലെ 49.47 ശതമാനത്തിൽ നിന്ന് 2021-ൽ 93.94 ശതമാനമായി വർദ്ധിച്ചു. എന്നാൽ പരിശോധനയ്ക്കായി തെരഞ്ഞെടുത്ത 20 വലിയ ആശുപത്രികളിൽ 16[105] എണ്ണത്തിന് എസ്പിസിബിയിൽ നിന്നുള്ള അനുമതി ലഭിച്ചിരുന്നില്ല എന്ന് ഓഡിറ്റ് കണ്ടെത്തി (2022 ഏപ്രിൽ, മേയ്).

---

[102] ഒരു പൊതു ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജന സജ്ജീകരണം (സിബിഡബ്ല്യുടിഎഫ്) സ്വന്തമായി ഉണ്ടായിരിക്കുകയോ, നിയന്ത്രിക്കുകയോ ചെയ്യുന്ന വ്യക്തിയാണ് ഓപ്പറേറ്റർ

[103] ബിഎംഡബ്ല്യുഎം ചട്ടങ്ങൾ, 2016 ന്റെ ചട്ടം 10

[104] സിപിസിബിയുടെ 2019 വർഷത്തേയ്ക്കുള്ള ബിഎംഡബ്ല്യുഎം വാർഷിക റിപ്പോർട്ട്

[105] കായംകുളം റ്റിഎച്ച്ക്യുഎച്ച്, തിരുവനന്തപുരം എസ്എറ്റി, നെടുമങ്ങാട് ഡിഎച്ച്, നെയ്യാറ്റിൻകര ജിഎച്ച്, ഫോർട്ട് റ്റിഎച്ച്, ആലപ്പുഴ എംസിഎച്ച്, തിരുവനന്തപുരം എംസി, തിരുവനന്തപുരം ഡെന്റൽ കോളേജ്, മലയിൻകീഴ് റ്റിഎച്ച്ക്യുഎച്ച്, തിരൂർ ഡിഎച്ച്, വണ്ടൂർ റ്റിഎച്ച്, തിരൂരങ്ങാടി റ്റിഎച്ച്ക്യുഎച്ച്, പൊന്നാനി ഡബ്ല്യുസിഎച്ച്, കൽപ്പറ്റ ജിഎച്ച്, വൈത്തിരി റ്റിഎച്ച്ക്യുഎച്ച്, മഞ്ചേരി എംസി.

- 20 താലൂക്ക്/ ജില്ലാ ആശുപത്രികളിൽ രണ്ടെണ്ണം[106] (10 ശതമാനം) മാത്രമേ കെഎസ്പിസിബിയ്ക്ക് വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കുകയും അവ തങ്ങളുടെ വെബ്സൈറ്റുകളിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിരുന്നുള്ളൂ എന്നതിനാൽ ആരോഗ്യരക്ഷാ സ്ഥാപനങ്ങളും സിബിഡബ്ല്യൂടിഎഫും ചട്ടങ്ങൾ പാലിയ്ക്കുന്നു എന്നുറപ്പുവരുത്താൻ കെഎസ്പിസിബിയ്ക്ക് കഴിഞ്ഞില്ല എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഓരോ ജില്ലയിലെയും ആരോഗ്യരക്ഷാ സ്ഥാപനങ്ങളുടെ എണ്ണവും അവയുടെ മേൽ ചുമത്തപ്പെട്ടിരുന്ന ചാർജ്ജുകളും മാത്രമേ സിബിഡബ്ല്യൂടിഎഫ് അപ്‌ലോഡ് ചെയ്തിരുന്നുള്ളൂ.

  എല്ലാ എച്ച്സിഎഫുകളെയും ബോർഡിന്റെ പരിധിയിൽ കൊണ്ടുവരാൻ നിർദ്ദേശങ്ങൾ നൽകിയതായി കേരള സർക്കാർ പ്രസ്താവിച്ചു (2023 സെപ്റ്റംബർ). ജില്ലാതലത്തിൽ രൂപീകരിച്ച നിരീക്ഷണ സമിതിയിലും വിഷയം ചർച്ചചെയ്യപ്പെടുന്നുണ്ട്. ജീവനക്കാരുടെ കുറവും നിരീക്ഷണത്തിലെ പോരായ്മകൾക്ക് കാരണമായതായി കേരള സർക്കാർ പറഞ്ഞു.

  സിബിഡബ്ല്യൂടിഎഫിന്റെ പാരിസ്ഥിതിക അനുമതി, വാർഷിക റിപ്പോർട്ടുകൾ, സിബിഡബ്ല്യൂടിഎഫിൽ ഉൾപ്പെടാത്ത ആരോഗ്യ രക്ഷാ സ്ഥാപനങ്ങൾ എന്നിവയുടെ പ്രദർശിപ്പിക്കൽ പോലെയുള്ള സുപ്രധാന ആവശ്യങ്ങൾ ബോർഡ് നിർബന്ധമാക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

### 8.3.2 മതിയായ അടിസ്ഥാന സൗകര്യങ്ങളുടെയും മാലിന്യനിർമ്മാർജ്ജന ശേഷിയുടെയും അഭാവം

2019-ലെ സിപിസിബിയുടെ ബിഎംഡബ്ല്യൂഎമ്മിനെക്കുറിച്ചുള്ള വാർഷികറിപ്പോർട്ട് പ്രകാരം നിലവിലുള്ള പൊതു അടിസ്ഥാന സൗകര്യങ്ങളുടെ വിനിയോഗശേഷി 75 ശതമാനം കടന്നിട്ടുള്ള ആറ് സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശങ്ങളിലൊന്നാണ് കേരളം. അതിനാൽ ഗ്യാപ് അനാലിസിസ് നടത്തുന്നതുവഴി അധിക സൗകര്യങ്ങൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംസ്ഥാനത്തിന് പരിശോധിക്കാവുന്നതാണെന്ന് സിപിസിബി ശിപാർശ ചെയ്തിരുന്നു.

സിപിസിബിയുടെ വാർഷിക റിപ്പോർട്ടിൽ പ്രസിദ്ധീകരിച്ച 35 സംസ്ഥാനങ്ങൾ/ കേന്ദ്ര ഭരണ പ്രദേശങ്ങളുടെ സ്ഥിതിവിവര കണക്കുകൾ (2019) അനുസരിച്ച് 30 സംസ്ഥാനങ്ങൾ/ കേന്ദ്ര ഭരണ പ്രദേശങ്ങൾ പ്രതിദിനം 0.10 മുതൽ 41.60 ടൺ വരെ ബിഎംഡബ്ല്യൂ ഉല്പാദിപ്പിച്ചിരുന്നു എന്നും, അവയിൽ 16 സംസ്ഥാനങ്ങൾ മാലിന്യ നിർമ്മാർജ്ജനത്തിനായി രണ്ട് മുതൽ 20 വരെ സിബിഡബ്ല്യൂടിഎഫുകൾ പ്രവർത്തിപ്പിച്ചിരുന്നു എന്നും കാണുന്നു. എന്നാൽ കേരളം പ്രതിദിനം 42.90 ടൺ മാലിന്യം ഉല്പാദിപ്പിക്കുമ്പോൾ 2021 മേയ് വരെ മാലിന്യനിർമ്മാർജ്ജനം നടത്താനായി ഉണ്ടായിരുന്നത് ഒരു സിബിഡബ്ല്യൂടിഎഫ് മാത്രമാണ്. കേരളം പ്രതിദിനം 42.90 ടൺ ബയോമെഡിക്കൽ മാലിന്യം ഉല്പാദിപ്പിച്ചപ്പോൾ പ്രതിദിനം 40,270 കിലോഗ്രാം[107] മാലിന്യമാണ് സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്തത് എന്നും സിപിസിബി നിരീക്ഷിച്ചു. കൂടാതെ, നിലവിലുള്ള സിബിഡബ്ല്യൂടിഎഫിന്റെ അപര്യാപ്തത കാരണം കുറഞ്ഞ പക്ഷം നാല് സിബിഡബ്ല്യൂടിഎഫുകൾ എങ്കിലും സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത കെഎസ്പിസിബിയുടെ ചെയർമാൻ സംസ്ഥാനതല ഉപദേശകസമിതി യോഗത്തിൽ (2019 സെപ്റ്റംബർ) ഊന്നിപ്പറയുകയുണ്ടായി. 2019 സെപ്റ്റംബറിൽ തന്നെ കുറഞ്ഞത് നാല് സിബിഡബ്ല്യൂടിഎഫുകളുടെ ആവശ്യകത ഗ്യാപ് അനാലിസിസ് വഴി വെളിപ്പെട്ടെങ്കിലും ഒരു സിബിഡബ്ല്യൂടിഎഫ് മാത്രമേ 2021 മേയ് വരെ

[106] മാവേലിക്കര ഡിഎച്ച്, ആലപ്പുഴ എംസിഎച്ച്

[107] ക്യാപ്റ്റീവ് സംസ്കരണ മാർഗ്ഗത്തിലൂടെ 3,417 കി. ഗ്രാം (പ്രതിദിനം), സിബിഡബ്ല്യൂടിഎഫിലൂടെ 36,853 കി. ഗ്രാം

പ്രവർത്തിച്ചിരുന്നുള്ളൂ എന്ന കാര്യം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2022 ഏപ്രിലിലെ നിലയനുസരിച്ച് സംസ്ഥാനത്ത് രണ്ട് സിബിഡബ്ല്യൂടിഎഫുകളാണ് പ്രവർത്തിക്കുന്നത്.

അടുത്തിൽ മറ്റൊരു സിബിഡബ്ല്യൂടിഎഫ് സ്ഥാപിക്കാനുള്ള സംയോജിത സമ്മതം ബോർഡ് നൽകിയിട്ടുണ്ടെന്നും അതിനാൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കാൻ സിബിഡബ്ല്യൂടിഎഫുകളുടെ ശേഷി പര്യാപ്തമാണെന്നും കേരള സർക്കാർ മറുപടി നൽകി (2023 സെപ്റ്റംബർ). കൂടാതെ, ഒരു ഗ്യാപ് അനാലിസിസ് നടത്താൻ ബോർഡ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജിയെ (എൻഐഐഎസ്ടി സിഎസ്ഐആർ) ചുമതലപ്പെടുത്തിയതിനാൽ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ, ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട എല്ലാ കാര്യങ്ങളും പരിഹരിക്കാവുന്നതാണ്.

എന്നിരുന്നാലും, മൂന്നാമത്തെ പ്ലാന്റ് പ്രവർത്തനക്ഷമമാക്കാത്തതിനാൽ, സിബിഡബ്ല്യൂടിഎഫുകളുടെ അപര്യാപ്തത, ശേഷിയുടെ പൂരിതാവസ്ഥ എന്നീ പ്രശ്നങ്ങൾ നിലനിൽക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു.

### 8.3.3 നിലവിലുള്ള പൊതു ബയോ മെഡിക്കൽ മാലിന്യ സംസ്കരണ സൗകര്യങ്ങളിൽ മൂന്നാം കക്ഷിയുടെ പരിശോധന നടത്താത്തത് സംബന്ധിച്ച്

എസ്പിസിബികൾ അവരുടെ സംസ്ഥാനങ്ങളിലെ സിബിഡബ്ല്യൂടിഎഫുകളുടെ മൂന്നാം കക്ഷി ഓഡിറ്റുകൾ ഏറ്റെടുക്കാനും പിന്തുണയ്ക്കാനും ബയോ മെഡിക്കൽ മാലിന്യ പരിപാലന ചട്ടങ്ങൾ, 2016 വ്യവസ്ഥ ചെയ്യുന്നു.

ഓഡിറ്റ് കാലയളവിൽ ബിഎംഡബ്ല്യൂഎം ചട്ടങ്ങൾ നിർദ്ദേശിക്കുന്ന മൂന്നാം കക്ഷി ഓഡിറ്റ് നടത്തിയിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ബാഹ്യമായ ഒരു കക്ഷിയുടെ ഓഡിറ്റ് സൂചിപ്പിക്കുന്നത് കേരളത്തിലെ ബയോമെഡിക്കൽ മാലിന്യ പരിപാലനത്തെക്കുറിച്ചുള്ള ഗ്യാപ് അനാലിസിസ് പഠനത്തിനും ഇൻവെന്ററിക്കുമായി ഒരു ഏജൻസിയെ (എൻഐഐഎസ്ടി സിഎസ്ഐആർ) ചുമതലപ്പെടുത്തുകയും, ആ ഏജൻസിയുമായി ധാരണാപത്രം ഒപ്പിടുകയും ചെയ്തത് 2023 സെപ്റ്റംബർ 29-ൽ മാത്രമാണ്.

## 8.4 റേഡിയോ ഗ്രാഫിക് ഉപകരണങ്ങളുടെ അനധികൃത പ്രവർത്തനം

ഭാരത സർക്കാരിന് കീഴിലുള്ള ആണവോർജ്ജവകുപ്പ് പുറത്തിറക്കിയ 2004-ലെ ആണവോർജ്ജ (വികിരണസംരക്ഷണ) ചട്ടങ്ങളിലെ ചട്ടം 3 അനുസരിച്ച് ലൈസൻസില്ലാതെ ഒരു വ്യക്തിയും റേഡിയേഷൻ ഇൻസ്റ്റലേഷൻ സ്ഥാപിക്കാനോ സ്ഥാനനിർണ്ണയത്തിനോ, രൂപകല്പനയ്ക്കോ, നിർമ്മാണത്തിനോ, കമ്മീഷനിംഗിനോ, പ്രവർത്തനത്തിനോ, ഒരു റേഡിയേഷൻ ഇൻസ്റ്റലേഷൻ ഡീ കമ്മീഷൻ ചെയ്യാനോ, ലൈസൻസിന്റെ ഉപാധികളും വ്യവസ്ഥകളും അനുസരിച്ചല്ലാതെ ഏതെങ്കിലും വികിരണ പ്രസരണ ഉപകരണം പ്രവർത്തിപ്പിക്കാനോ പാടില്ല.

അറ്റോമിക് എനർജി റെഗുലേറ്ററി ബോർഡിന്റെ (എഇആർബി) റേഡിയേഷൻ ലൈസൻസ് ഇല്ലാതെ അഞ്ച് ആശുപത്രികളിൽ അഞ്ച്[108] റേഡിയോഗ്രാഫിക് ഉപകരണങ്ങൾ പ്രവർത്തിപ്പിച്ചിരുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇത് മാനദണ്ഡങ്ങളുടെ ലംഘനവും, പൊതുജനത്തിന്റെയും മെഷീനുകൾ പ്രവർത്തിപ്പിക്കുന്ന ആശുപത്രി ജീവനക്കാരുടെയും സുരക്ഷയിൽ ഉൽക്കണ്ഠ ഉളവാക്കുന്നതുമാണ്.

[108] തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിലെ എക്സ്റേ യൂണിറ്റ്, തിരുവനന്തപുരം ജിഎംസിയിലെയും, ജിഎച്ച്എംസിയിലെയും എക്സ്റേ യൂണിറ്റുകൾ, തുറവൂർ റ്റിഎച്ചിലെ ഡെന്റൽ എക്സ്റേ യൂണിറ്റ്, തിരൂർ ഡിഎച്ചിലെ എക്സ്റേ യൂണിറ്റ് 60 എംഎ

കേരള സർക്കാർ മറുപടി നൽകിയിട്ടില്ല (2023 നവംബർ).

## 8.5 ശിപാർശകൾ

- നിഷ്കർഷിക്കപ്പെട്ട കുറഞ്ഞ നിലവാരം കാത്തുസൂക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് സ്ഥിരം രജിസ്ട്രേഷൻ സമയബന്ധിതമായി ലഭ്യമാക്കാൻ ഉതകുന്ന തരത്തിൽ സംസ്ഥാനത്ത് ക്ലിനിക്കൽ എസ്റ്റാബിഷ്മെന്റ്സ് നിയമം നടപ്പിലാക്കുന്നത് സർക്കാർ ഉറപ്പ് വരുത്തണം.

- ബ്ലഡ്ബാങ്കുകളുടെ ലൈസൻസിന്റെ സാധുത നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഡ്രഗ്ഗ്സ് കൺട്രോളർ നടപ്പിലാക്കുകയും ലൈസൻസുകൾ കാലതാമസമില്ലാതെ പുതുക്കുകയും ചെയ്യുന്നുവെന്നും, കൂടാതെ, നിയമങ്ങളും ചട്ടങ്ങളും പാലിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാനായിട്ടുള്ള പരിപാടികൾ വകുപ്പിലെ ജീവനക്കാർക്ക് വേണ്ടി നടത്തുന്നുവെന്നും സർക്കാർ ഉറപ്പ് വരുത്തണം.

- സംസ്ഥാനത്ത് പുതിയ ബയോമെഡിക്കൽ മാലിന്യ (ബിഎംഡബ്ല്യു) സംസ്കരണ സൗകര്യം സ്ഥാപിക്കുന്നതിന് സത്വരവും സമയബന്ധിതവുമായ നടപടി സ്വീകരിക്കുകയും കൂടാതെ എല്ലാ ബിഎംഡബ്ല്യുവും ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുന്നതിന് തക്കവണ്ണം സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന ബിഎംഡബ്ല്യുവിന്റെ അളവ് നിർണ്ണയിക്കുന്നതിന് ഒരു സംവിധാനം നിലവിലുണ്ടെന്നും സർക്കാർ ഉറപ്പുവരുത്തണം.